**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കൊല്ലം ജില്ല – പവിത്രേശ്വരം ഗ്രാമപഞ്ചായത്ത് - രാജീവ്ഗാന്ധി സേവകേന്ദ്രം ഉദ്ഘാടനം - തനത് ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയം ഭരണ (എഫ്.എം.) വകുപ്പ്**

സ.ഉ.(സാധാ) നം. 703/2018/തസ്വഭവ    തിരുവനന്തപുരം, തീയതി, 15/03/2018

പരാമർശം:- പവിത്രേശ്വരം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 05/02/2018 ലെ എ 2-87/18 നമ്പർ കത്ത്.

**ഉത്തരവ്**

കൊല്ലം ജില്ലയിലെ പവിത്രേശ്വരം ഗ്രാമ പഞ്ചായത്തിന്റെ വിവിധ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിച്ച രാജീവ് ഗാന്ധി സേവകേന്ദ്രം എന്ന പുതിയ കെട്ടിടത്തിന്റെ ഉദ്ഘാടനം 22/12/2017 ന് നിർവ്വഹിക്കപ്പെട്ടു എന്നും ടി ഉദ്ഘാടന പരിപാടിക്ക് 1,50,000 രൂപ ചെലവ് വന്നിട്ടുണ്ടെന്നും ആയതു തനതു ഫണ്ടിൽ നിന്ന് ചെലവഴിക്കുന്നതിനുള്ള അനുമതി നൽകണമെന്നും പരാമർശ കത്ത് പ്രകാരം പവിത്രേശ്വരം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അഭ്യർത്ഥിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കൊല്ലം ജില്ലയിലെ പവിത്രേശ്വരം ഗ്രാമ പഞ്ചായത്തിന്റെ വിവിധ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിച്ച രാജീവ് ഗാന്ധി സേവകേന്ദ്രം എന്ന പുതിയ കെട്ടിടത്തിന്റെ ഉദ്ഘാടന ചെലവുകൾക്കായി 1,00,000/- (ഒരു ലക്ഷം) രൂപ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിനുള്ള യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)

**സിനി ജെ ഷുക്കൂർ,**

**ഡെപ്യൂട്ടി സെക്രട്ടറി.**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം.

പ്രസിഡന്റ്/സെക്രട്ടറി, പവിത്രേശ്വരം ഗ്രാമപഞ്ചായത്ത്, കരിമ്പിൻപുഴ പി.ഒ, പുത്തൂർ, കൊല്ലം - 691507.

ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ